ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്
കേരള സർക്കാർ
ബിൽഡിംഗ് നമ്പർ – 32, ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ – 0471 2339266/2331080 ഇ – മെയിൽ: mail.inpa@gmail.com
**Website: www.ipaffairs.org**

21/08/2024

**2024–25 അധ്യയന വർഷം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിന്ന് ദേശീയ സെമിനാറുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.**

പാർലമെന്ററികാര്യ വകുപ്പിന് കീഴിലെ സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, 2024–25 അക്കാദമിക വർഷം കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിന്നും ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടി അപേക്ഷ ക്ഷണിക്കുന്നു.

**പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ**

1. സെമിനാർ നടത്തുന്നതിനായി താഴെപ്പറയുന്ന ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുക്കാവുന്നതാണ്.
   1. ***ജനാധിപത്യം, ഭരണഘടന, സാമൂഹ്യ നീതി***
   2. ***ജനാധിപത്യ സംരക്ഷണത്തിൽ കോടതികളുടേയും മാധ്യമങ്ങളുടേയും പങ്ക്.***
   3. ***മനുഷ്യാവകാശങ്ങളും സമകാലീന ഇന്ത്യൻ ജനാധിപത്യവും***
   4. *പാർലമെന്ററി സംവിധാനവും തെരഞ്ഞെടുപ്പുകളും.*
   5. ***അധികാരവികേന്ദ്രീകരണം : കേരളം മാതൃക***
2. അക്കാദമിക കമ്മിറ്റിയുടെ പരിശോധനകൾക്ക് ശേഷം സെമിനാർ സംഘടിപ്പിക്കുവാനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ www.ipaffairs.org എന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. 2023–24 അക്കാദമിക വർഷം സെമിനാർ സംഘടിപ്പിക്കുവാൻ അനുമതി ലഭിച്ച ഡിപ്പാർട്ട്മെന്റുകളെ 2024–25 അക്കാദമിക വർഷം സെമിനാർ സംഘടിപ്പിക്കുവാനായി പരിഗണിക്കുന്നതല്ല.
4. **സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച എല്ലാ വിഷയ വിദഗ്ധരുടെയും ലേഖനങ്ങൾ (നിശ്ചിത മാതൃകയിൽ) സ്ഥാപന മേധാവി/സെമിനാർ കോ-ഓർഡിനേറ്റർ അന്തിമ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ്.**
5. എല്ലാ വിഷയ വിദഗ്ധരുടെയും നിശ്ചിത മാതൃകയിലുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ സ്ഥാപനങ്ങൾക്കുള്ള അന്തിമ ഫണ്ട് അനുവദിക്കുകയുള്ളൂ.

6. ഏകദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 25,000/- രൂപയും ദ്വിദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 50,000/- രൂപയും ആയിരിക്കും.
7. സെമിനാർ സംഘടിപ്പിക്കുവാൻ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യപ്പെടുന്ന പക്ഷം 40 ശതമാനം വരെ സെമിനാർ ഫണ്ട് മുൻകൂറായി നല്കുന്നതാണ്. ബാക്കി തുക അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം അനുവദിക്കുന്നതാണ്.
8. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് നല്കുന്നതാണ്.
9. ഏകദിന/ദ്വിദിന സെമിനാറുകൾക്ക് ഓരോ ജില്ലയിൽ നിന്നും ഓരോ സ്ഥാപനങ്ങളെ വീതമായിരിക്കും തിരഞ്ഞെടുക്കുന്നത്.
10. 2024 ഡിസംബർ 31 നകം സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.
11. ഒരു അധ്യാപകൻ/അധ്യാപികയെ സെമിനാർ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത കോ-ഓർഡിനേറ്ററുടെ വിശദാംശങ്ങൾ, സെമിനാർ വിഷയം, പ്രസക്തി, സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതി, സെമിനാറിൽ പങ്കെടുക്കുമെന്ന് ഉറപ്പ് ലഭിച്ച അക്കാദമിക വിദഗ്ധരുടെ വിശദാംശങ്ങൾ എന്നിവ അടങ്ങിയ 4 പേജിൽ കവിയാത്ത പ്രൊപ്പോസൽ **2024 സെപ്തംബർ 13-ന് വൈകിട്ട് 5** ന് മുൻപായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഹാർഡ് കോപ്പി ഇൻസ്റ്റിറ്റ്യൂട്ടിന് നല്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഡോ. ബിവീഷ് യു.സി
ഡയറക്ടർ ജനറൽ

വിശദാംശങ്ങൾക്ക്:
ശ്രീമതി. ശോഭ പി.എസ് (പ്രോഗ്രാം ഓഫീസർ)
മൊബൈൽ നമ്പർ 8281474513, 0471-2339266